അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം

44(249) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജോലിക്കെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ മുഴുവൻ വിവരങ്ങളും ശേഖരിച്ച് അവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം തൊഴിലാളികൾ ക്രിമിനൽ, മോഷണ കേസുകളിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം ക്രിമിനൽ പശ്ചാത്തലമുള്ള തൊഴിലാളികളെ തിരികെ അയയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും താമസിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെയും അവരുടെ തൊഴിലിനെക്കുറിച്ചും അവർ താമസിക്കുന്ന കെട്ടിടങ്ങളുടെ ഉടമകളുടെയും വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിക്കുന്നുണ്ട്. ക്രിമിനൽ പശ്ചാത്തലമുണ്ടെന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 'ബാഡ് കാരക്ടർ റോൾ' ('ബി' റിപ്പോർട്ട്) തയ്യാറാക്കി അവരുടെ സ്വദേശത്തെ പോലീസ് സ്റ്റേഷനുകൾക്ക് നൽകി റിപ്പോർട്ട് വാങ്ങുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പോലീസ് വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകുന്നില്ല. എന്നാൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടിയേറ്റ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്.

(ബി) അവരെ സ്വന്തം സംസ്ഥാനത്തേക്ക് തിരിച്ചയയ്ക്കാൻ വ്യവസ്ഥയില്ല.

പ്രവീൺ വധക്കേസുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടി

45 (250) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവീൺ വധക്കേസിൽ ജയിൽ ശിക്ഷ അനുഭവിച്ചുവന്ന ഷാജിയുടെ ജാമ്യാപേക്ഷയിൽ സർക്കാർ സുപ്രീം കോടതിയിൽ സ്വീകരിച്ച നയം വ്യക്തമാക്കുമോ ;

(ബി) കേസ് വിചാരണയ്ക്കെടുക്കുമ്പോൾ സർക്കാർ അഭിഭാഷകൻ ഹാജരാകാതിരിക്കാനുള്ള കാരണം അന്വേഷിച്ചിട്ടുണ്ടോ ; ഏത് അഭിഭാഷകനാണ് ഹാജരാകേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ജാമ്യം റദ്ദു ചെയ്തുകൊണ്ടുള്ള ഉത്തരവു ലഭിക്കാൻ സംസ്ഥാന സർക്കാരിന് എത്ര തുക ചെലവായി ;

(ഡി) ഇക്കാര്യത്തിൽ വീഴ്ചയുണ്ടായത് ആരുടെ ഭാഗത്ത് നിന്നാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വീഴ്ച വരുത്തിയവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly